No. 9/IET-A-ASST-3/2021/Admn　　　　　　　　　　　　　　　　Dated: 16.02.2021

# അറിയിപ്പ്

കാലിക്കറ്റ് സർവ്വകലാശാല എഞ്ചിനീറിംഗ് കോളേജിൽ പ്യൂൺ കം സ്വീപ്പർ ആയി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

| തസ്തിക | യോഗ്യത | വയസ്സ് | വേതനം | ഒഴിവുകൾ | അപേക്ഷ സമർപ്പിക്കേണ്ട തിയ്യതി |
|---|---|---|---|---|---|
| പ്യൂൺ കം സ്വീപ്പർ | എഴുതാനും വായിക്കാനും അറിയുന്നവരും സ്ഥാപനം ഏൽപ്പിക്കുന്ന ജോലികൾ ചെയ്യാൻ ശാരീരികമായും മാനസികമായും പ്രാപ്തരായവരും മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം, പള്ളിക്കൽ, ചേലേമ്പ്ര പഞ്ചായത്തുകളിൽ നിന്നുള്ളവരും ആയിരിക്കണം. | 25നും 50 നും ഇടയിൽ | മാസം ₹16,200 രൂപയിൽ കൂടാതെ പ്രതിദിനം 600 രൂപ. | 10 | 2021 ഫെബ്രുവരി 23 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 2021 മാർച്ച് 5 വെള്ളിയാഴ്ച വൈകിട്ട് 5 മണി വരെ. |

**നിർദ്ദേശങ്ങൾ**

1. എഴുതാനും വായിക്കാനും അറിയുന്നവരും, സ്ഥാപനം ഏൽപ്പിക്കുന്ന ജോലികൾ ചെയ്യാൻ ശാരീരികമായും മാനസികമായും പ്രാപ്തരായവരും, 25നും 50 നും ഇടയിൽ പ്രായമുള്ളവരും ആയ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം, പള്ളിക്കൽ , ചേലേമ്പ്ര പഞ്ചായത്തുകളിൽ നിന്നുള്ളവർ മാത്രം അപേക്ഷിച്ചാൽ മതി.
2. 01/01/2021 അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. 01/01/2021ന് 25 വയസ്സ് പൂർത്തിയായവരും 50 വയസ്സ് കവിയാത്തവരും ആയിരിക്കണം. അതായത് 01/01/1971നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം.
3. അപേക്ഷകർ കാലിക്കറ്റ് സർവ്വകലാശാലയുടെയോ അനുബന്ധ സ്ഥാപനങ്ങളിലെയോ പ്യൂൺ കം സ്വീപ്പർ ലിസ്റ്റിൽ ഉൾപെടാത്തവരായിരിക്കണം.
4. അപേക്ഷകർക്ക് SBI യിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
5. റൊട്ടേഷൻ വ്യവസ്ഥയിൽ രണ്ട് മാസത്തേക്കായിരിക്കും നിയമനം.
6. മുകളിൽ പറഞ്ഞ തിയ്യതികൾക്കുള്ളിൽ കോളേജിൽ നേരിട്ടെത്തി അപേക്ഷിക്കേണ്ടതാണ്.
7. പഞ്ചായത്തും ജനനതിയ്യതിയും പരിശോധിക്കുന്നതിനായി തിരഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ കൊണ്ടുവരേണ്ടതാണ്. വേറൊരു രേഖയും പരിഗണിക്കുന്നതല്ല.
8. കൂടാതെ തിരഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖയുടെ ഇരു പുറത്തിൻറെയും പകർപ്പ് ഒരു പുറത്തിൽ വരത്തക്കവണ്ണം ഫോട്ടോകോപ്പിയെടുത്ത് സ്വയം സാക്ഷ്യപ്പെടുത്തിയതിന് ശേഷം (അതായത് 'സ്വയം സാക്ഷ്യപ്പെടുത്തിയത് ' എന്നെഴുതിയതിന് ശേഷം പേരെഴുതി ഒപ്പിടുക) അതിന്റെ ഒഴിഞ്ഞ ഭാഗത്ത് പാസ്പോർട്ട് സൈസ് ഫോട്ടോ വീട്ടിൽ നിന്നും ഒട്ടിച്ച് കൊണ്ടുവരേണ്ടതാണ്. ഫോട്ടോ ഒട്ടിക്കാനുള്ള പശ കോളേജിൽ നിന്നും തരുന്നതല്ല. അപേക്ഷ ഫോറത്തിലുള്ള ക്രമ നമ്പർ തിരഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പിൽ എഴുതേണ്ടതാണ്. കൂടാതെ ആ ക്രമ നമ്പർ ഭാവി ആവശ്യങ്ങൾക്കായി എഴുതി സൂക്ഷിച്ച് വക്കേണ്ടതാണ്. (മാതൃക ഇതോടൊപ്പം ചേർക്കുന്നു).
9. അപേക്ഷ പൂരിപ്പിക്കാനുള്ള പേന കോളേജിൽ നിന്നും തരുന്നതാണ്. ആ പേന കൊണ്ട് മാത്രമേ അപേക്ഷ പൂരിപ്പിക്കാവൂ. അപേക്ഷ പൂരിപ്പിച്ച ശേഷം പേന തിരിച്ചേൽപ്പിക്കേണ്ടതാണ്.
10. ഈ സേവനം യാതൊരു കാരണവശാലും മറ്റ് നിയമനങ്ങൾക്ക് പരിഗണിക്കുന്നതല്ല.

<u>കോവിഡ്-19 ന്റെ പശ്ചാത്തലത്തിലുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>

1. അപേക്ഷിക്കാൻ 10 ദിവസം സമയമുണ്ട്. ആയതിനാൽ ഒരു കാരണവശാലും കോളേജ് പരിസരത്ത് കൂട്ടം കൂടി നിൽക്കരുത്.
2. അപേക്ഷ സമർപ്പിച്ച ഉടനെ തന്നെ കോളേജിൽ നിന്നും തിരിച്ചു പോകേണ്ടതാണ്.
3. മൂക്കും വായും മൂടുന്ന രീതിയിൽ മാസ്ക് ധരിച്ചു വേണം കോളേജിൽ പ്രവേശിക്കാൻ.
4. കൈകൾ അണുവിമുക്തമാക്കിയതിന് ശേഷം മാത്രമേ അപേക്ഷ പൂരിപ്പിക്കാവൂ. അതിനായി സാനിറ്റൈസർ കൊണ്ടുവരേണ്ടതാണ്.
5. ഞാൻ കാരണം മറ്റുള്ളവർക്ക് രോഗം വരുത്തില്ല എന്ന് ഓരോരുത്തരും ഉറപ്പ് വരുത്തേണ്ടതാണ്.

**Jaya Puthukara**

Principal

Principal
Institute of Engineering and Technology,
University of Calicut, Thenhipalam P.O
Malappuram 673 636

INSTITUTE OF ENGINEERING AND TECHNOLOGY * UNIVERSITY OF CALICUT *
THENHIPALAM P.O
MALAPPURAM DIST

തിരഞ്ഞെടുപ്പ്
തിരിച്ചറിയൽ
രേഖയുടെ
മുൻഭാഗത്തി
ന്റെ പകർപ്പ്.

തിരഞ്ഞെടുപ്പ്
തിരിച്ചറിയൽ
രേഖയുടെ
പിൻഭാഗത്തി
ന്റെ
പകർപ്പ്.

പാസ്സ്പോർട്
സൈസ്
ഫോട്ടോ

സ്വയം സാക്ഷ്യപ്പെടുത്തിയത്

വേലായുധൻ. കെ

ക്രമനമ്പർ : 13